ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും കൂടിയാണ് ലൈസൻസ് നൽകുന്നത്. ഇത് പാലിക്കാതെ ലൈസൻസ് നൽകുകയും തുടരാൻ അനുവദിക്കുകയും ചെയ്യുന്ന സെക്രട്ടറിമാരുടെ മേൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നു.

പ്രവർത്തനക്ഷമമല്ലാത്ത എം ആർ ഐ സ്കാനറുകൾ നന്നാക്കാൻ അടിയന്തിര നടപടി

8 (*658) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ. സ്കാനിംഗ് സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന ദുർബല വിഭാഗങ്ങളിൽപ്പെട്ട രോഗികളോട് പുറത്തുനിന്നും സ്കാനിംഗ് നടത്താൻ ഡോക്ടർമാർ നിർദ്ദേശം നൽകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മെഡിക്കൽ കോളേജുകളിൽ പ്രവർത്തനക്ഷമമല്ലാത്ത എം.ആർ.ഐ. സ്കാനറുകൾ താമസംവിനാ പ്രവർത്തനസജ്ജമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ ഇപ്പോൾ ഇല്ല.

(ബി) സ്കാനിംഗ് സൗകര്യമുള്ള മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളിലേക്ക് രോഗികളെ റഫർ ചെയ്യുകയാണ് പതിവ്. എന്നാൽ ചില അത്യാവശ്യഘട്ടങ്ങളിൽ പുറത്തുനിന്നും സ്കാനിംഗ് നടത്താൻ ആവശ്യപ്പെടേണ്ടതായി വരാറുണ്ട്.

(സി) 'എ' ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ബഡ്ജറ്റ് രൂപീകരണം

9 (*657) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് 31-ന് മുമ്പ് 2003-2004-ലേക്കുള്ള ബഡ്ജറ്റ് പാസ്സാക്കാത്ത എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ട് ; ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാർച്ച് 31-ന് മുമ്പായി അവ ബഡ്ജറ്റ് പാസ്സാക്കാതിരുന്നത് എന്തുകൊണ്ടാണ് ; വേണ്ടത്ര പഠനം നടത്താതെ പുതിയ പദ്ധതികളൊന്നും ചേർക്കാതെ, മുൻ വർഷത്തെ ബഡ്ജറ്റ് അതേപ്പോലെ അവതരിപ്പിക്കാറുണ്ടോ എന്ന് പരിശോധിക്കുമോ ;

(സി) നടപ്പുവർഷം എത്ര തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഇത്തരത്തിലുള്ള ബഡ്ജറ്റുകൾ പാസ്സാക്കി ;

(ഡി) ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥന്മാർക്ക് ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച് എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ ; ഇല്ലാത്തപക്ഷം അതിനുള്ള നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ.ചെർക്കളം അബ്ദുള്ള)

(എ) സംസ്ഥാനത്തെ ഒരു ഗ്രാമ പഞ്ചായത്ത് ഒഴികെ മറ്റ് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബഡ്ജറ്റ് യഥാസമയം പാസ്സാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഗ്രാമപഞ്ചായത്ത് 31-03-2003-നു ശേഷം ആണ് ബഡ്ജറ്റ് പാസ്സാക്കിയിട്ടുള്ളത്.

(ബി) ശ്രീകാര്യം ഗ്രാമപഞ്ചായത്തിൽ ബഡ്ജറ്റ് പാസ്സാക്കുന്നതിനുവേണ്ടി വിളിച്ചു ചേർത്ത യോഗത്തിന് നോട്ടീസ് നൽകിയതിൽ അപാകതയുണ്ടായതു കൊണ്ടാണ് മാർച്ച് 31-ന് മുമ്പ് ബഡ്ജറ്റ് പാസ്സാക്കാൻ കഴിയാതെ വന്നത്. വേണ്ടത്ര പഠനം നടത്താതെയും പുതിയ പദ്ധതികളൊന്നും ചേർക്കാതെയും ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം മുൻ വർഷത്തെ ബഡ്ജറ്റ് അതേപോലെ തൊട്ടടുത്ത വർഷത്തിൽ അവതരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പഞ്ചായത്ത് രാജ് നിയമങ്ങളെ സംബന്ധിച്ച പൊതുവായ പരിശീലന പരിപാടികളോടൊപ്പം ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ചും പരിശീലനം നൽകാറുണ്ട്. പഞ്ചായത്ത് സെക്രട്ടറിമാർക്കും ജനപ്രതിനിധികൾക്കും നൽകുന്ന പരിശീലനങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നത് ഒരു വിഷയമായി ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

അതിദ്രുത കോടതി കെട്ടിട നിർമ്മാണം

10 (*658) ശ്രീമതി മെഴ്സി രവി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ജോർജ് എം. മാത്യു :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അതിദ്രുത കോടതി കെട്ടിടങ്ങൾ പണിയാനായിരുന്നു നിർദ്ദേശമുണ്ടായിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly